# <u>കീരംപാറ ഗ്രാമപഞ്ചായത്ത് സി.ഡി.എസ്</u>

## കോവിഡ് കാല പ്രവർത്തന റിപ്പോർട്ട്

### <u>ആമുഖം</u>

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്കിൽ മികച്ച രീതിയിൽ പ്രവർത്തനം നടത്തുന്ന സിഡിഎസ് ആണ് **കീരംപാറ.**

**2002** ൽ പ്രവർത്തനം ആരംഭിച്ച സിഡിഎസിൽ

നിലവിൽ **13** വാർഡുകളിലായി **127 അയൽക്കൂട്ടങ്ങളും, 54 സംഘകൃഷി ഗ്രൂപ്പുകളും,മൈക്രോ സംരംഭ യൂണിറ്റുകളും,12 വയോജന അയൽക്കൂട്ടങ്ങളും 16 ബാലസഭകളും** മികച്ച രീതിയിൽ പ്രവർത്തനം നടത്തി വരുന്നു.

### <u>പ്രധാന പ്രവർത്തനങ്ങൾ</u>

### <u>കമ്മ്യൂണിറ്റി കിച്ചൻ</u>

കോവിഡ് കാലത്ത് ചെയ്ത പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് കമ്മ്യൂണിറ്റി കിച്ചൻ. പഞ്ചായത്തുമായി സഹകരിച്ച് **37** ദിവസം നടത്തിയ കമ്മ്യൂണിറ്റി കിച്ചൻ വഴി **444** ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുവാൻ സിഡിഎസിന് സാധിച്ചിട്ടുണ്ട്. CDS അംഗങ്ങൾ, ജെൽജി ഗ്രൂപ്പുകൾ, സംരംഭ ഗ്രൂപ്പുകൾ എന്നിവരുടെ എല്ലാവിധ സഹായ സഹകരണവും ഈ കമ്മ്യൂണിറ്റി കിച്ചന് ഉണ്ടായിട്ടുണ്ട്. **22** സംഘകൃഷി ഗ്രൂപ്പുകളിൽ

നിന്നായി164 കിലോയോളം പച്ചക്കറി, ചേന, ചേമ്പ്, കപ്പ തുടങ്ങിയവ നൽകാൻ സാധിച്ചു.




<u>മാസ്ക് നിർമ്മാണം</u>

കോവിഡ് കാലത്ത് സി ഡി എസ്സിൽ നല്ല രീതിയിൽ നടന്ന ഒരു പ്രവർത്തനമാണ് മാസ്ക് നിർമ്മാണം. ജില്ലാ മിഷനിൽ നിന്നും മാസ്ക്ക് നിർമാണം അടിയന്തരമായി നടത്തണമെന്ന് അറിയിപ്പ് കിട്ടിയ അന്നുമുതൽ ഈ പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു. **600** മാസ്കുകൾ നാളിതുവരെ നിർമ്മിച്ചു നൽകാൻ അവർക്ക് സാധിച്ചു. ഇപ്പോഴും ഈ പ്രവർത്തനം നല്ല രീതിയിൽ തുടർന്നുപോരുന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ ഈ പ്രവർത്തനം വഴി അധികവരുമാനം ഇവർക്ക് ലഭിക്കുകയുണ്ടായി.



കോവിഡ് കാലത്ത് നടന്ന മറ്റൊരു പ്രവർത്തനമാണ് ക്യാൻസർ രോഗിയായ ഒരു അയൽക്കൂട്ട അംഗത്തിന് ആവശ്യമുള്ള മരുന്ന് എത്തിച്ചുകൊടുക്കുക എന്നത്. തിരുവനന്തപുരത്തുനിന്നും അവർക്ക് ആവശ്യമുള്ള മരുന്ന് സിഡിഎസിന്റെനേതൃത്വത്തിൽഫയർഫോഴ്സിനെ സഹായത്തോടെ എത്തിച്ചു കൊടുക്കാൻ സാധിച്ചു.



## കൃഷി വ്യാപനം

കൊറോണ കാലത്ത് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി കൃഷി വകുപ്പുമായി ചേർന്ന് പച്ചക്കറിതൈകൾ അയൽക്കൂട്ട അംഗങ്ങൾക്കും ജെൽജി ഗ്രൂപ്പുകൾക്കും വിതരണം ചെയ്തു. കൂടാതെ രണ്ട് ഏക്കർ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനും സാധിച്ചു. ജില്ലാ മിഷൻ സംഘടിപ്പിച്ച പച്ചക്കറി ചലഞ്ച് ആയ എന്റെ മണ്ണ് എന്റെ അടുക്കള എന്ന പരിപാടിക്ക് ഇവിടെനിന്നും നല്ല പങ്കാളിത്തം ഉണ്ടായിരുന്നു.





## ജില്ലാ മിഷനുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ

പരസ്പരം കാണുവാനോ ബന്ധപ്പെടുവാനോ സാധിക്കാത്ത സാഹചര്യത്തിൽ **13 എഡിഎസ്കളിലും,96അയൽക്കൂട്ട തലത്തിലും** വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു അതുവഴി സിഡിഎസ് പ്രവർത്തനം മികച്ച രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിനു സാധിച്ചു.

## മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതി

കോവിഡ് കാലത്ത് ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിയ **മുഖ്യമന്ത്രിയുടെ സഹായ ഹസ്തം** എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താൻ സാധിച്ചു. ഇതുവരെ **35 ഗ്രൂപ്പുകൾക്ക് 26 ലക്ഷത്തി എഴുപതിനായിരം രൂപ** കൊടുക്കാൻ സാധിച്ചിട്ടുണ്ട്.

## പൊതു പ്രവർത്തനങ്ങൾ

കോവിഡ് കാലത്തെ പ്രധാന പ്രവർത്തനമായി മുന്നിൽ കണ്ട് ***സന്നദ്ധ സേന*** യിൽ 50 ശതമാനം അയൽക്കൂട്ട അംഗങ്ങളെയും രജിസ്റ്റർ ചെയ്യിപ്പിക്കുവാൻ സാധിച്ചു.

**കോളിംഗ് ബെൽ ഉപഭോക്താക്കൾക്ക് ഭക്ഷണം, മരുന്ന് എന്നിവ സിഡിഎസ് മെമ്പേഴ്സ് വഴി എത്തിച്ചു കൊടുക്കുകയും, വയോജന അയൽക്കൂട്ടം അംഗങ്ങളുടെ ക്ഷേമം അന്വേഷിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ കൊടുക്കുകയും ചെയ്തു.**

**സൈബർ ജാലകം -127 അയൽക്കൂട്ടവും 778 അംഗങ്ങളും പങ്കെടുത്തു.**

സംസ്ഥാനമിഷനിൽ നിന്നും, ജില്ലാമിഷനിൽ നിന്നും വരുന്ന അറിയിപ്പുകൾ കീരംപാറ സി.ഡി.എസ് നല്ല രീതിയിൽ ചെയ്ത്വരുന്നു എന്നുള്ളത് എടുത്തു പറയേണ്ടവ തന്നെ ആണ്..........

തയാറാക്കിയത്,


സി. ഡി. എസ് ചെയർപേഴ്സൺ
റീജ തോമസ്

**+91 95393 98495**

രഞ്ജിനി എം നായർ
എം. കെ. എസ്. പി ബ്ലോക്ക് കോ-ഓർഡിനേറ്റർ
**9539483451**